# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 497

11.06.2013 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലെ ശമ്പള പരിഷ്കരണത്തിലെ അപാകത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ എത്ര ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നു; | (എ) 2011-12 ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ 12 ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) 2007 ൽ ജില്ലാ സഹകരണ ബാങ്കുകളിൽ നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) 01.04.2007 മുതൽ പ്രാബല്യത്തിൽ വന്ന ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിൽ ചില അവ്യക്തതകൾ കണ്ടെത്തിയിട്ടുണ്ട്. ആയത് തുടർന്നുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (സി) 2007 ലെ ശമ്പള പരിഷ്കരണം പ്രകാരം ജീവനക്കാർ പുതിയ സ്കെയിലിൽ അധിക ഡി.എ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം അധിക ഡി.എ ശമ്പളത്തിൽ ലയിപ്പിച്ചിട്ടുള്ളതും പഴയ ഡി.എ. യും ചേർത്ത് കോടിക്കണക്കിന് രൂപ ജീവനക്കാർ അധികം കൈപ്പറ്റിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; | (സി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് 8.12.2009 ലെ സ.ഉ (കൈ) നം. 210/2009/സഹ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിച്ചതും തുടർന്ന് ലഭിച്ച് വരുന്നതുമായ ഡി.എ. നിരക്ക്, പിന്നീട് ശമ്പള പരിഷ്കരണം നടപ്പിലാക്കിയ പല സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഡി.എ നിരക്കിനെക്കാൾ കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ജില്ലാ സഹകരണ ബാങ്കിലെ ശമ്പള പരിഷ്കരണത്തിലെ ഗുരുതരമായ വീഴ്ചകൾ പരിഹരിക്കുന്നതിനായി എന്ത് | (ഡി) ജില്ലാ സഹകരണ ബാങ്കിലെ ശമ്പള പരിഷ്കരണ ഫലമായി ഇതര സഹകരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ഡി.എ. യിൽ |

| | |
|---|---|
| നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ? | ഉണ്ടായ വർദ്ധനവ് ക്രമീകരിക്കുന്നതിന് സർക്കാരിന്റെ 10.05.2011 ലെ സ.ഉ (കൈ) നം. 75/2011/സഹ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സംഘടനകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിനെത്തുടർന്ന് പ്രസ്തുത വിഷയം ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ